# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
## കെ.എസ്.ടി.എ
# തിരിവ്
## സമഗ്ര വിദ്യാഭ്യാസ പരിപാടി
## പ്രത്യേക പ്രവർത്തന മൊഡ്യൂൾ

### ഒന്നാം ദിവസം

| | | | |
|---|---|---|---|
| അ | അമ്മ | അന്നം | അറിവ് |
| ഇ | ഇടവം | ഇടിമിന്നൽ | |
| ഈ | ഈച്ച | ഈരേഴുലകം | |
| ഉ | ഉപ്പ് | ഉല | ഉറവ് |

പാട്ട് അവതരിപ്പിക്കുന്നു

അക്ഷരങ്ങളും അക്ഷരങ്ങൾ വച്ചു തുടങ്ങുന്ന പദങ്ങളും ചർച്ച.

ഗ്രൂപ്പുകളായി - അക്ഷരകളി

ഒരു ഗ്രൂപ്പ് നിർദ്ദേശിക്കുന്ന അക്ഷരത്തിൽ തുടങ്ങുന്ന സിനിമ, വ്യക്തിയുടെ പേര്, മൃഗം, സ്ഥലം എന്നിവ കണ്ടെത്തൽ.

ഉദാ: 'മ' എന്ന അക്ഷരം പറഞ്ഞാൽ

| സിനിമ | വ്യക്തിയുടെ പേര് | മൃഗം | സ്ഥലം |
|---|---|---|---|
| മാണിക്യക്കല്ല് | മിനി | മാൻ | മാവേലിക്കര |

ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഗ്രൂപ്പ് വിജയിക്കുന്നു.

### രണ്ടാം ദിവസം

- കൂട്ടുകാരുടെ ദൃഢബന്ധം സൂചിപ്പിക്കുന്ന കഥ/കവിത അവതരണം.
- കൂട്ടുകാരെക്കുറിച്ച് ചർച്ച.
- ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടുകാരുടെ പേര് (ക്ലാസ്സിലെ).
- ഓരോരുത്തരും എഴുതൽ.
- വീട്, പരിസരം - ഇഷ്ടപ്പെട്ട കൂട്ടുകാരുടെ പേരുകൾ എഴുതൽ.
- എഴുതിയത് ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു.
- ആവർത്തനം ഒഴിവാക്കി ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെയും പേരുകൾ ടീച്ചർ ചാർട്ടിൽ വ്യത്യസ്ത നിറങ്ങളിൽ എഴുതുന്നു.
- മറ്റൊരു ചാർട്ടിൽ മറ്റു കുട്ടികളുടെയും പേരുകൾ എഴുതുന്നു.

താഴെ പറയുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും വരുന്ന പേരുകൾ കൂടി ചാർട്ടിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

ഐ, മ, ഖ, ഫ, ഭ, ഷ, േ, ്വ, ൃ, ്

| | | |
|---|---|---|
| **ഉദാ:** ്വ | - | അശ്വതി |
| ഖ | - | രേഖ |
| ഫ | - | ഫാത്തിമ |
| ഷ | - | ഷംന |

## മൂന്നാം ദിവസം

കുട്ടികളുടെ പേരുകൾ ചിഹ്നം ഒഴിവാക്കി എഴുതിയ നറുക്കുകൾ (ഉദാ: ഫാത്തിമ - ഫത്തമ) ഓരോ ഗ്രൂപ്പിനും നൽകുന്നു. ചിഹ്നം ചേർക്കാതെയുള്ള വിചിത്രമായ പേര് വായിക്കുന്നു. മറ്റു ഗ്രൂപ്പുകൾ ശരിയായ പേര് കണ്ടെത്തി പറയുന്നു.

ഒളിഞ്ഞിരിക്കുന്ന കൂട്ടുകാരെ കണ്ടെത്തൽ.

| | | | |
|---|---|---|---|
| അ | ഷ | ദ | മ |
| ഡ | ശ | സ | ര |
| ഫ | ഐ | ത | പ |
| ആ | ഖ | ക | വ |

കള്ളിയിലെ അക്ഷരങ്ങൾ ഉപയോഗിച്ച് അനുയോജ്യമായ ചിഹ്നങ്ങൾ ചേർത്ത് ചാർട്ടിലെ പേരുകൾ കണ്ടെത്തി എഴുതുന്നു. വ്യക്തിഗതം, അവതരണം.

## നാലാം ദിവസം

☞ കടങ്കഥകൾ പരിചയപ്പെടൽ.
☞ സ്വന്തം പേരുവരുന്ന കടങ്കഥ നിർമ്മിക്കൽ.

*ഉദാ:* എന്റെ പേര്

സിന്ദൂരത്തിലുണ്ട് ചാന്തിലില്ല

നിറത്തിലുണ്ട് കറയിലില്ല.

*ഉത്തരം:സിനി*

അവതരണം - **കടങ്കഥാപ്പതിപ്പു തയ്യാറാക്കൽ**

## അഞ്ചാം ദിവസം

ഒരു കൂട്ടുകാരന്റെ പേരും ഒരു വസ്തുവിന്റെ പേരും പറയുന്നു. രണ്ടു പദങ്ങളും ചേർത്ത് ലഘുവാക്യങ്ങൾ നിർമ്മാണം - എഴുതൽ.

*ഉദാ:* രേഖ - പുസ്തകം
രേഖ പുസ്തകം വായിച്ചു.

ടീച്ചർ അവ ശരിയായ രൂപത്തിൽ ബോർഡിൽ എഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തി എഴുതുന്നു.

# ഗണിതം ലളിതം

മാജിക് ഇഷ്ടമാണോ? ഞാനൊരു മാജിക് കാണിക്കാം. ഇഷ്ടപ്പെട്ട ഒരു സംഖ്യ വിചാരിക്കു. അത് ബുക്കിൽ എഴുതു. ആ സംഖ്യയെ രണ്ടു കൊണ്ട് ഗുണിക്കു. അതിനോട് എന്റെ വക 10 കൂടി കൂട്ടു. ഇനി അതിനെ രണ്ടു കൊണ്ടു ഹരിക്കു. ഹരണഫലത്തിൽ നിങ്ങൾ ആദ്യം വിചാരിച്ച സംഖ്യ കുറക്കു. ബാക്കി വരുന്ന സംഖ്യ ഞാൻ പറയാം. അഞ്ച് അല്ലേ?

ഇനി നമുക്ക് വേറൊരു കളി,

15873 എന്ന സംഖ്യയുടെ സൗന്ദര്യം, ഇത് ചാർട്ടിലെഴുതി കാണിക്കുകയോ കുട്ടികളെ കൊണ്ട് ചെയ്യിക്കുകയോ ചെയ്യാം.

| | | |
|---|---|---|
| 15873<br>2<br>31746<br>7<br>222222 | X<br><br>X | ആദ്യം 2 കൊണ്ട് ഗുണിക്കുന്നു. പിന്നീട് 7 കൊണ്ട് ഗുണിക്കുന്നു. ഗുണനഫലം ആറ് 2 കൾ കിട്ടുന്നു. |
| 15873<br>3<br>47619<br>7<br>333333 | X<br><br>X | ആദ്യം 3 കൊണ്ട് ഗുണിക്കുന്നു. പിന്നീട് 7 കൊണ്ട് ഗുണിക്കുന്നു. ഗുണനഫലം ആറ് 3 കൾ കിട്ടുന്നു |
| 5873<br>4<br>03492<br>7<br>444444 | X<br><br>X | ആദ്യം 4 കൊണ്ട് ഗുണിക്കുന്നു. പിന്നീട് 7 കൊണ്ട് ഗുണിക്കുന്നു. ഗുണനഫലം ആറ് 4 കൾ കിട്ടുന്നു |

ഇതുപോലെ 2,3,4 സംഖ്യകൾ കൊണ്ട് ഗുണിച്ച് സ്ഥാനത്ത് 5,6,7,8,9 എന്നീ സംഖ്യകൾ കൊണ്ട് ഗുണിച്ചു നോക്കു. ഗുണനഫലങ്ങൾക്ക് എന്തെങ്കിലും പ്രത്യേകയുണ്ടോ?

മൂന്ന് ഗുണനക്രിയകളും ചർട്ടിൽ എഴുതുന്നു. ശേഷം ഇതുപോലെ 5,6, 7,8,9 എന്നീ സംഖ്യകൾക്കൊണ്ടുള്ള ഗുണനം കുട്ടികൾക്ക് ചെയ്യാൻ അവസരം നൽകുന്നു. എല്ലാവർക്കും അവസരം നൽകിയ ശേഷം ക്രിയകൾ ചാർട്ടിൽ ചെയ്തു കാണിക്കുന്നു.

**കണ്ടെത്താമോ?**

ഈ വർഷത്തെ ഓണം എന്നാണ്? കഴിഞ്ഞ ഓണത്തിന് എത്ര പേർക്ക് സ്ക്കൂളിൽ നിന്ന് അരി ലഭിച്ചു. ഓരാൾക്ക് എത്ര കിലോ അരിയാണ് കിട്ടിയത്?

കഴിഞ്ഞ വർഷം നമ്മുടെ വിദ്യാലയത്തിൽ അരി വിതരണം നടന്നതു പോലെ കോട്ടത്തറ എൽ. പി സ്കൂളിലും അരിവിതരണം നടത്താൻ എത്ര കിലോ അരി വേണ്ടി വരുമെന്ന് നിങ്ങൾക്ക് പറഞ്ഞുകൊടുക്കാമോ?

**താഴെ പറയുന്ന ഫോർമാറ്റ് പ്രദർശിപ്പിക്കുന്നു.**

കോട്ടത്തറ എൽ. പി സ്ക്കൂളിൽ ഈ വർഷം പഠിക്കുന്ന കുട്ടികളുടെ വിവരം താഴെ ചേർക്കുന്നു. എല്ലാവരും കഞ്ഞി കുടിക്കുന്നവരാണ്. ഓണത്തിന് ഇവർക്ക് നൽകാൻ ആകെ എത്ര കിലോ അരി വേണ്ടി വരുമെന്ന് കണക്കാക്കാമോ?

| ക്ലാസ് | കുട്ടികൾ |
|---|---|
| 1 - ാം ക്ലാസ് | 46 |
| 2- ാം ക്ലാസ് | 52 |
| 3- ാം ക്ലാസ് | 55 |
| 4 - ാം ക്ലാസ് | 59 |

ഒരു കുട്ടിക്ക് 5 കിലോ വീതമാണ് അരി കൊടുക്കുക

1-ാം ക്ലാസിന് എത്ര കിലോ അരി വേണം :

2-ാം ക്ലാസിന് എത്ര കിലോ അരി വേണം :

3ാം ക്ലാസിന് എത്ര കിലോ അരി വേണം :

4-ാം ക്ലാസിന് എത്ര കിലോ അരി വേണം :

ആകെ എത്രകിലോ അരി :

കൂടാതെ റംസാനും ക്രിസ്തുമസിനും 5 കിലോ വീതം അരി വിതരണം ചെയ്യണം. എങ്കിൽ 3 തവണത്തേക്കും കൂടി എത്ര കിലോ അരി വേണ്ടി വരും? :

**കടയിലേക്ക്**

കുട്ടന്റെ പിറന്നാളാണ് അടുത്ത ഞായറാഴ്ച, കൂട്ടുകാരെയെല്ലാം വിളിക്കണം. പായസം വയ്ക്കണം. ഒരുപാട് വിഭവങ്ങൾ വേണം. അമ്മ അച്ഛന്റെ കൈയിൽ ഒരു ലിസ്റ്റ് കൊടുത്തു. ഇവ വാങ്ങാൻ കുട്ടനും അച്ഛനും മാവേലി സ്റ്റോറിൽ പോയി. കുട്ടന് ആകാംക്ഷയായി എല്ലാറ്റിനും കൂടി ആകെ എത്ര രൂപയാവുമെന്ന്. കുട്ടനെ

ഒന്ന് സഹായിക്കാമോ?

വിലവിവരപ്പട്ടികയും ലിസ്റ്റും എഴുതി പ്രദർശിപ്പിക്കുന്നു. അമ്മ വാങ്ങാൻ പറഞ്ഞ സാധനങ്ങളുടെ ലിസ്റ്റുമായി കുട്ടൻ കടയിലെത്തി എന്തൊക്കെ സാധനങ്ങളാണെന്നു നോക്കൂ.

| | | |
|---|---|---|
| അരി | 5 കിലോ | |
| വെളിച്ചെണ്ണ | 1/2 കിലോ | |
| പഞ്ചസാര | $1\frac{1}{2}$ കിലോ | |
| മുളക് | 1/2 കിലോ | |
| പരിപ്പ് | 1/2 കിലോ | |
| ചെറുപയർ | 1/2 കിലോ | |
| മൈദ | $1\frac{1}{2}$ കിലോ | |




മാവേലി സ്റ്റോർ വിലവിവര പട്ടിക

| ഇനം | അളവ് | വില |
|---|---|---|
| അരി | 1 കി | 15 രൂപ |
| വെളിച്ചെണ്ണ | 1 കി | 56 രൂപ |
| മല്ലി | 1 കി. | 25 രൂപ |
| മുളക് | 1 കി | 32 രൂപ |
| പരിപ്പ് | 1 കി | 28 രൂപ |
| ചെറുപയർ | 1 കി | 22 രൂപ |
| മൈദ | 1 കി | 26 രൂപ |
| റവ | 1 കി | 18 രൂപ |
| പഞ്ചസാര | 1 കി | 20 രൂപ |

**അളവെടുക്കാം തയ്ക്കാം**

കാരറ ജി.എൽ.പി സ്കൂളിന്റെ അടുത്താണ് കുട്ടേട്ടന്റെ തയ്യൽക്കട. സ്കൂളിലെ ഹെഡ്മാസ്റ്റർ കുട്ടികൾക്ക് യൂണിഫോം തയ്ക്കുവാൻ കുട്ടേട്ടനെ ഏല്പിച്ചു. കുട്ടേട്ടന്റെ മകനാണ് പട്ടണത്തിൽ പോയി തുണിയെടുത്തത്. യൂണിഫോം തയ്ച്ചു കഴിഞ്ഞപ്പോൾ കുറേ തുണി ബാക്കി വന്നു. കുട്ടേട്ടൻ മകനെ കുറെ ചീത്ത പറഞ്ഞു. ആകെ എത്ര തുണിയാണ് വേണ്ടിയിരുന്നത്. നിങ്ങൾക്ക് കണ്ടെത്താമോ?

സ്കൂളിലെ കുട്ടികളുടെ എണ്ണവും തുണിയുടെ അളവും താഴെ ചേർക്കുന്നു. പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കണേ.

| കുട്ടികൾ | എണ്ണം | പാന്റ്/പാവാട | ഷർട്ട് |
|---|---|---|---|
| ആൺ | 40 | 1 മീറ്റർ വീതം | $1\frac{1}{2}$ മീറ്റർ വീതം |
| പെൺ | 30 | $1\frac{1}{2}$ മീറ്റർ വീതെ | 1 മീറ്റർ വീതം |



| ബാക്കി വന്നത് | |
|---|---|
| പാന്റ് | 10 മീറ്റർ |
| ഷർട്ട് | 1 മീറ്റർ |
| പാവാട | 5 മീറ്റർ |

ആൺകുട്ടികൾക്ക് പാന്റ് തയ്ക്കാൻ ആവശ്യമായ തുണിയുടെ അളവ് :

ആൺകുട്ടികൾക്ക് ഷർട്ട് തയ്ക്കാൻ ആവശ്യമായ തുണിയുടെ അളവ് :

പെൺകുട്ടികൾക്ക് പാവാട തയ്ക്കാൻ ആവശ്യമായ തുണിയുടെ അളവ് :

പെൺകുട്ടികൾക്ക് ഷർട്ട് തയ്ക്കാൻ ആവശ്യമായ തുണിയുടെ അളവ് :

ആകെ എടുത്ത പാന്റ് തുണി എത്ര? :

ആകെ എടുത്ത പാവാട തുണി എത്ര? :

ആകെ എടുത്ത ഷർട്ട് തുണി എത്ര? :